"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനകാര്യം - തിരുവനന്തപുരം ജില്ല- വിളപ്പിൽ ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലാർക്ക് ശ്രീ.ആസിഫ് ഹുസൈൻ - ന്റെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1679/2023/LSGD തീയതി,തിരുവനന്തപുരം, 18-08-2023

പരാമർശം:-

1. തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 22.07.2009ലെ ഇ3-22/01 നമ്പർ നടപടിക്രമം
2. 01.03.2010ലെ സ ഉ (സാധാ)നം.672/2010/തസ്വഭവ നമ്പർ ഉത്തരവ്
3. 30.10.2020ലെ സ ഉ (സാധാ)നം.2038/2020/തസ്വഭവ നമ്പർ ഉത്തരവ്
4. തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 09.07.2021ലെ DDP-TVM/511/2021-E3 നമ്പർ നടപടിക്രമം
5. തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 18.04.2023ലെ LSGD/PD/9575/2023-DEC നമ്പർ കത്ത്

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ വിളപ്പിൽ ഗ്രാമപഞ്ചായത്ത് ഓഫീസിൽ 12.01.2009 പൂർവാഹ്നത്തിൽ ക്ലാർക്ക് തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ.ആസിഫ് ഹുസൈൻ(പെൻ നം.823450) നിരീക്ഷണ കാലയളവിൽ 01.06.2009 മുതൽ 10.07.2013വരെ ശൂന്യവേതനാവധിയിലായിരുന്നതിനാൽ ടിയാളുടെ സേവനം ആരംഭിക്കുന്നത് 11.07.2013 മുതലാണെന്നും, ടിയാൻ നിരീക്ഷണകാലയളവ് പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുന്നതിന് ആവശ്യമായ എം ഒ പി പരീക്ഷ യഥാസമയം വിജയിക്കാത്തതിനാൽ ടിയാളുടെ നിരീക്ഷണകാലയളവ് 11.07.2015 മുതൽ 10.07.2016വരെ ഒരു വർഷത്തേക്ക് പരാമർശം (4) പ്രകാരം ദീർഘിപ്പിച്ചിരുന്നതായും ശ്രീ.ആസിഫ് ഹുസൈൻ 10.02.2017 തീയതിയിൽ എം ഒ പി പരീക്ഷ വിജയിച്ചിട്ടുള്ളതിനാൽ ശ്രീ.ആസിഫ് ഹുസൈന്റെ നിരീക്ഷണകാലയളവ് 10.02.2017 തീയതിയുടെ തൊട്ടടുത്ത ദിവസമായ 11.02.2017 തീയതി പ്രാബല്യത്തിൽ പ്രഖ്യാപിക്കുന്നതിനായി ടിയാന്റെ നിരീക്ഷണകാലയളവ് 11.07.2016 മുതൽ 12.02.2017 വരെ ദീർഘിപ്പിച്ചു നൽകണമെന്ന് അഭ്യർത്ഥിച്ച് പരാമർശം (5) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ജില്ലയിലെ വിളപ്പിൽ ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീ.ആസിഫ് ഹുസൈൻ (പെൻ നം.823450)-ന്റെ പ്രൊബേഷൻ. ടിയാൾ എം. ഒ. പി പരീക്ഷ വിജയിച്ച 10.02.2017 ന്റെ തൊട്ടടുത്ത ദിവസമായ 11.02.2017 FN ന് പൂർത്തിയാക്കിയതായി നിയമനാധികാരിക്ക് പ്രഖ്യാപിക്കാൻ കഴിയുമാറ്, ടിയാന്റെ പ്രൊബേഷൻ കാലയളവ് KS&SSR Part-II, Rule 21 -ന് വിധേയമായി 11.07.2016 മുതൽ 12.02.2017 AN വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സെമിഗോപിനാഥ്. ജി

ഡെപ്യൂട്ടിസെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ.തദ്ദേശസ്വയംഭരണവകുപ്പ് . തിരുവനന്തപുരം

2.ഡെപ്യൂട്ടി ഡയറക്ടർ . തദ്ദേശസ്വയംഭരണവകുപ്പ് . തിരുവനന്തപുരം

(തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

3.ശ്രീ.ആരിഫ് ഹുസൈൻ , ക്ലർക്ക് , വിളപ്പിൽ ഗ്രാമപഞ്ചായത്ത് ഓഫീസ്

(തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

4.ഡയറക്ടർ,ഐ.കെ.എം.തിരുവനന്തപുരം

5.ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)

6.കരുതൽ ഫയൽ(ഫയൽ നം.125/ഇപിഎ1/2023-എൽഎസ്ജിഡി)

ഉത്തരവിൻ പ്രകാരം

Signed by
Danuja M S
Date: 18-08-2023 14:31:52

സെക്ഷൻ ഓഫീസർ